പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1387 15.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | 2015-16 വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ കഴിഞ്ഞത്; ഏതെല്ലാം മേഖലകളിലാണ് പ്രവൃത്തികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് അറിയിക്കാമോ? | (എ) | 2015-16 സാമ്പത്തിക വർഷത്തിൽ 09.02.2016 ലെ കണക്ക് പ്രകാരം നാളിതുവരെ 576.05 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ചുവടെ പറയുന്ന നാല് മേഖലകളിലെ പ്രവൃത്തികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത്.<br>1. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ<br>2. സമൂഹത്തിൽ ദുർബല ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ഉപജീവന ആസ്തികളുടെ മെച്ചപ്പെടുത്തലും നിർമ്മാണവും<br>3. സ്വയംസഹായ സംഘങ്ങൾക്ക് ഉല്പാദനവുമായി ബന്ധപ്പെട്ട പൊതു അടിസ്ഥാന സൗകര്യങ്ങൾ<br>4. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ |

സെക്ഷൻ ഓഫീസർ